"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല - ഊരുട്ടമ്പലം യു.പി സ്കൂൾ- കെട്ടിടങ്ങളുടെ ഉത്ഘാടനത്തിനു കാട്ടാക്കട നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2970/2022/LSGD തീയതി,തിരുവനന്തപുരം, 01-12-2022

---

പരാമർശം:- 1. ബഹു.കാട്ടാക്കട എം എൽ എ സമർപ്പിച്ചിരിക്കുന്ന 26.11.2022 ലെ അപേക്ഷ.

**ഉത്തരവ്**

ഊരുട്ടമ്പലം യു.പി സ്കൂൾ അയ്യൻകാളി പഞ്ചമി സ്മാരക സ്കൂളായി പുനർ നാമകരണം ചെയ്യപ്പെടുന്ന പ്രഖ്യാപനവും പുതിയ സ്കൂൾ കെട്ടിടങ്ങളുടെ ഉത്ഘാടവും ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ 2022 ഡിസംബർ 2 നു നിർവ്വഹിക്കുന്നതാണെന്നും ആയതിന്റെ സംഘാടനത്തിനും അനുബന്ധ പരിപാടികൾക്കുമായി ഉത്ഘാടനം നടക്കുന്ന മാറനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 1 ലക്ഷം രൂപയും, കാട്ടാക്കട, വിളവൂർക്കൽ, മലയിൻകിഴ്, വിളപ്പിൽ, പള്ളിച്ചൽ പഞ്ചായത്തുകളിൽ നിന്നും ഇരുപത്തിയ്യായിരം രൂപ വീതവും തനതു ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്നും കാട്ടാക്കട എം എൽ എ പരാമർശം പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഊരുട്ടമ്പലം യു.പി സ്കൂൾ അയ്യൻകാളി പഞ്ചമി സ്മാരക സ്കൂളായി പുനർ നാമകരണം ചെയ്യപ്പെടുന്ന പ്രഖ്യാപനവും പുതിയ സ്കൂൾ കെട്ടിടങ്ങളുടെ ഉത്ഘാടവും ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ 2022 ഡിസംബർ 2 നു നിർവ്വഹിക്കുന്നതിന്റെ സംഘാടനത്തിനും അനുബന്ധ പരിപാടികൾക്കുമായി ഉത്ഘാടനം നടക്കുന്ന മാറനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 1 ലക്ഷം രൂപയും, കാട്ടാക്കട, വിളവൂർക്കൽ, മലയിൻകിഴ്, വിളപ്പിൽ, പള്ളിച്ചൽ പഞ്ചായത്തുകളിൽ നിന്നും ഇരുപത്തിയ്യായിരം രൂപ വീതവും തനതു ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sheeba Beegom.a.m**
**Date: 02-12-2022 11:14:08**
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.